എം.റ്റി.എസ്.എസ്.എൽ.പി.
സ്കൂൾ, കോട്ടവട്ടം

Est : 1919

# അക്കാദമിക സ്കൂൾ മാസ്റ്റർപ്ലാൻ

## 2025-2026

# എം. റ്റി. എസ്. എസ്. എൽ. പി. സ്കൂൾ കോട്ടവട്ടം

- വിഭാഗം : എയ്ഡഡ്
- പ്രദേശം : ഗാന്ധിഗ്രാം വാർഡ്, ചക്കുവരക്കൽ
- പഞ്ചായത്ത് : വെട്ടിക്കവല
- സി. ആർ. സി : തലച്ചിറ
- ബി. ആർ. സി : കൊട്ടാരക്കര
- വിലാസം : എം. റ്റി. എസ്. എസ്. എൽ. പി. എസ് കോട്ടവട്ടം, ചക്കുവരയ്ക്കൽ
- ഇ-മെയിൽ : mtsslps kottavattom @gmail.com
- കുട്ടികളുടെ എണ്ണം : 101
- പ്രൈമറി : 77
- പ്രീ. പ്രൈമറി : 24
- അധ്യാപകർ : 5
- ഹെഡ്മിസ്ട്രസ്സ് : ശ്രീമതി. ഷീജ ബേബി
- ഫോൺ നമ്പർ : 9447434811

# അവതാരിക

വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതിക വിദ്യ വർധിക്കുന്നതോടൊപ്പം തന്നെ കുട്ടികൾ നേരിടുന്ന വെല്ലുവിളികളും ഏറുകയാണ്. ഇവ എല്ലാം തരണം ചെയ്തുകൊണ്ട് വേണം സമൂഹത്തിൽ കുട്ടികൾ വളർന്നു വരാൻ ഇതിന് സഹായിക്കുന്ന പ്രധാന ഘടകമാണ് വിദ്യാലയം അധ്യാപകർ പറഞ്ഞുനൽകുന്ന നല്ല പാഠങ്ങൾ കുട്ടികളുടെ ജീവിതലക്ഷ്യം തന്നെ നിർണയിക്കുന്നതാണ്.

ഈ വർഷം 2025 ജൂൺ 2 പ്രവേശനോത്സവത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ ആരംഭിച്ചു. മനോഹരമായി അലങ്കരിച്ച സ്കൂൾ സ്കൂൾ ഹാളിൽ ഫാദർ റവ: സിജോ.കെ ജോൺ തിരികൊളുത്തി പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തുകൊണ്ട് എം ടി എസ് എസ് എൽ.പി.എസ് കോട്ടവട്ടം സ്കൂളിന്റെ ഈ വർഷത്തെ വിജയ പ്രയാണം ആരംഭിച്ചു. വിജയത്തിന്റെ പാതയിൽ സഹായിച്ച ഏവർക്കും ഓർമ്മയുടെ പൂച്ചെണ്ടുകൾ നൽകി കൂടുതൽ പ്രതീക്ഷയോടെ ആത്മവിശ്വാസത്തോടെ - - - - - -

ഷീജ ബേബി
(ഹെഡ്മിസ്ട്രസ്)

# ഉള്ളടക്കം

* ആമുഖം
* കുട്ടികളുടെ എണ്ണം
  അധ്യാപകരുടെ എണ്ണം
* സ്കൂൾ ലഘു ചരിത്രം
* നിലവിലെ സ്ഥിതി
* വിദ്യാലയം മികവിന്റെ കേന്ദ്രം
* പ്രശ്നപരിഹാര പ്രവർത്തനങ്ങൾ

# ആമുഖം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെട്ടിക്കവല പഞ്ചായത്തിൽ ഗാന്ധിഗ്രാം പത്താം വാർഡിലെ ഒരു വിദ്യാലയമാണ് എം. റ്റി. എസ്. എസ് എൽ. പി. എസ് കോട്ടവട്ടം (കക്കോട്ടുചാൽ)

പത്തനാപുരം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മർത്തോമ്മ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഈ സ്കൂൾ 1919 ൽ ആണ് സ്ഥാപിച്ചത്. ലോക്കൽ മാനേജർ റവ: സിജോ. കെ ജോൺ (ചക്കുവരയ്ക്കൽ ഇമ്മാനുവേൽ മർത്തോമ്മ ചർച്ച്) സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു വരുന്നു. 2024 - 2025 അധ്യയന വർഷം ഈ സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടികളും പ്രീപ്രൈമറി ക്ലാസുകളിൽ കുട്ടികളും അധ്യയനം നടത്തുന്നു.

പിടിഎ, എംപിടിഎ, അഭ്യുദയകാംക്ഷികൾ പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ എല്ലാം തന്നെ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നു.

# വിദ്യാലയത്തിന്റെ ചരിത്രം

കൊല്ലവർഷം 1095-ൽ ചക്കുവരയ്ക്കൽ പാറവിള പുത്തൻ വീട്ടിൽ ശ്രീ. കെ. കെ വർഗ്ഗീസ് അവറുകളുടെ മാനേജ്മെന്റിൽ ഒന്നാം ക്ലാസ് ആരംഭിച്ചു. പ്രഥമ അധ്യാപകൻ കൂടിയ ശ്രീ. കെ. ജെ മത്തായി അവർകൾ 3 വർഷത്തോളം ഗ്രാന്റില്ലാതെ ജോലി നോക്കി സ്കൂളിന്റെ പുരോഗതിയ്ക്കായി സൺഡേ സ്കൂൾ സമാജം സെക്രട്ടറി അന്നത്തെ വികാരി ജനറൽ വന്ദ്യ. ദിവ്യ ശ്രീ വി. പി. മാമൻ കശീശാ അവർകളുടെ പേർക്ക് പ്രതിഫലം കൂടാതെ മാനേജ്മെന്റ് വിട്ടുകൊടുത്തു. മുളകൊണ്ടും പുല്ലുകൊണ്ടും ഉണ്ടാക്കപ്പെട്ട ഷെഡിനെ പുതുക്കി 60 അടി നീളവും 20 അടി വീതിയും ഒരു കെട്ടിടം ഉണ്ടാക്കി. തുടർന്ന് ഗവൺമെന്റിൽ നിന്നും ഗ്രാന്റും അനുവദിച്ചു. ഇപ്പോൾ സ്കൂൾ കെട്ടിടം തേക്കു തടികൊണ്ട് ഉണ്ടാക്കപ്പെട്ടതും ഓടുമേഞ്ഞതുമായ ഒരു ഉറപ്പായ സ്ഥാപനമാണ്. 2010 ൽ ശ്രീമതി എൽ. ലീലാമ്മ ടീച്ചറിന്റെ നേതൃത്വത്തിൽ സ്കൂൾ വികസന സമിതിയും PTA യും ചേർന്ന് ടൈൽ പാകിയ കോൺക്രീറ്റ് കെട്ടിടവും 2019 ൽ ശതാബ്ദി സ്മാരക കെട്ടിടവും 2019 ൽ പൂർത്തിയാക്കി. ഇനിയും കെട്ടിടത്തിന് മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു.

# നിലവിലെ സ്ഥിതി

വെട്ടിക്കവല ഗ്രാമപഞ്ചായത്തില അക്കാദമിക പ്രവർത്തനങ്ങളിൽ ഉയർന്ന നിലവാരം നിലനിർത്തുന്ന സ്കൂളാണിത്. നഴ്സറി മുതൽ നാലാം ക്ലാസ് വരെ 120 കുട്ടികൾ അദ്ധ്യയനം നടത്തുന്നു.

ഈ അധ്യയന വർഷം സ്കൂളിലെ പഴയ മേൽക്കൂരകൾ മാറ്റി ബലമുള്ള പുതിയ മേൽക്കൂരകൾ ആക്കി. അതുപോലെ തറയിൽ ടൈൽ ഇടുകയും ചെയ്തു. വെട്ടിക്കവല പഞ്ചായത്ത് സ്കൂളിന് അനുവദിച്ച ടോയ്ലറ്റിന്റെ പണി പൂർത്തിയാക്കിയിരിക്കുന്നു.

കനാലിന്റെ ഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിൽ ഇനിയും ധാരാളം പുരോഗമനാത്മക പ്രവർത്തനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ശദാപ്തി സ്മാരക കെട്ടിടത്തിനോട് ചേർന്ന് ഒരു ക്ലാസ് മുറി കൂടി വയ്ക്കേണ്ടത് ആവശ്യമാണ്. സാമ്പത്തിക പ്രതിസന്ധിമൂലം ഇത് ദീർഘകാലാടിസ്ഥാനത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

2025 - 2026 അധ്യയന വർഷത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ :-

* പഠന വിടവ് നികത്തി എല്ലാ കുട്ടികളെയും എഴുത്തും വായനയും സജ്ജരാക്കുക.
* ക്ലാസ് ലൈബ്രറി വിപുലീകരിച്ച് ചിട്ടപ്പെടുത്തുക.
* മികച്ച അധ്യാപക രക്ഷാകർതൃ സമിതി.
* പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക.
* ക്ലാസ് PTA സംഘടിപ്പിക്കുക.
* ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുക.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക
* കലാ കായിക പ്രവൃത്തി പരിചയ മേളകൾ വിവിധ ക്വിസ് പ്രോഗ്രാമുകൾ മറ്റ് മത്സരങ്ങൾ എന്നിവ-യിൽ പങ്കെടുക്കാൻ കുട്ടികളെ സന്നദ്ധരാക്കുക.
* കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് ഊന്നൽ നൽകി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക (യോഗ... ചിത്രരചന ...) തുടങ്ങിയവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.

# പ്രശ്നങ്ങളും പരിഹാരങ്ങളും

* അധ്യാപകരുടെ കുറവ്.
* ഷിഫ്റ്റ് സമ്പ്രദായം
* കെട്ടിടത്തിന്റെ ശോച്യാവസ്ഥ
* ഫർണിച്ചറുകളുടെ അപര്യാപ്തത
* ഡിജിറ്റൽ ക്ലാസ് മുറികളുടെ കുറവ്.
* സമീപത്തെ കനാൽ.
* വാഹന സൗകര്യക്കുറവ്.

പരിഹാരം :-

ഷിഫ്റ്റ് സമ്പ്രദായം മാറ്റി പുതിയ അധ്യാപകരെ നിയമിക്കുക. അധ്യാപകർക്ക് കൃത്യ സമയത്ത് സ്കൂളിൽ എത്താൻ സർക്കാർ പൊതു ഗതാഗതം കൃത്യതപ്പെടുത്തുക. കനാൽ റോഡിനും, സ്കൂളിന്റെ ഭാഗത്തെങ്കിലും കൈവരി നിർമ്മിക്കുക.

# മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

<table>
<tr><th>ലക്ഷ്യം</th><th>പ്രവർത്തനങ്ങൾ</th><th>കാലം</th><th>ചുമതല</th><th>സാമ്പത്തികം</th></tr>
<tr><td>മലയാള ഭാഷാ വികാസത്തിനും ആശയ വിനിമയ സാധ്യത, സർഗ്ഗാത്മകത, ഭാഷാ നൈപുണികൾ, സാധ്യമാക്കുന്നതിനും വേണ്ടി കുട്ടികളെ പ്രാപ്തരാക്കുക.</td><td>• പ്രീ- ടെസ്റ്റ്<br>• അക്ഷരചാർട്ട്<br>• അക്ഷരപ്പൂമഴ<br>• മധുരമലയാളം<br>• മലയാളത്തിളക്കം</td><td>ജൂൺ - ജൂലൈ</td><td></td><td></td></tr>
<tr><td></td><td>• ഡയറിയെഴുത്ത്<br>• കഥാ രചന<br>• കവിത രചന<br>• ചിത്ര രചന<br>• പത്രവാർത്ത<br>• സംഭാഷണം<br>• കടങ്കഥാപയറ്റ്</td><td>ഓഗസ്റ്റ്- സെപ്റ്റംബർ</td><td></td><td></td></tr>
<tr><td></td><td>• ഉറക്കെ വായന<br>• റിലേ വായന<br>• വായനക്കുറിപ്പ്<br>• ആശംസാകാർഡ് നിർമ്മാണം</td><td>ഒക്ടോബർ</td><td></td><td></td></tr>
<tr><td></td><td>• വിസ്മയ ചിത്രം വരയ്ക്കൽ<br>• വായ്ത്താരി കണ്ടെത്തൽ</td><td>നവംബർ ഡിസംബർ</td><td></td><td></td></tr>
</table>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മാംശമുള്ള ഭാഷാപ്രയോഗത്തിന്റെ വ്യക്തിപരമായ കാര്യങ്ങളാണ് ആശയഗ്രഹണത്തിലൂടെ സാധ്യമാകുന്നത് | • പദസൂര്യൻ<br>• പദപ്രശ്നം<br>• വാക്യം മാറ്റിയെഴുതൽ<br>• അറിയിപ്പ് ബോർഡ് തയാറാക്കൽ<br>• ആഭരണം അണിയിക്കൽ<br>• ആശയങ്ങൾ ക്രമപ്പെടുത്തൽ | ഡിസംബർ-ജനുവരി | | |
| | • പലതരം കളികൾ<br>• പാചകക്കുറിപ്പ് തയ്യാറാക്കൽ<br>• കളിപ്പതിപ്പ്<br>• വായനാമൂല | ജനുവരി-ഫെബ്രുവരി | | |
| | • ഗ്രന്ഥശാല മെമ്പർഷിപ്പ്<br>• അഭിമുഖം<br>• ബാലസഭ<br>• അമ്മ വായന | ഫെബ്രുവരി-മാർച്ച് | | |

# മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ഫലപ്രദമാക്കുന്നതിന്. | • പരീക്ഷണ സാമഗ്രികൾ തയാറാക്കൽ<br>• നിരീക്ഷണത്തിന് വേണ്ട സാഹചര്യങ്ങൾ ഒരുക്കൽ.<br>• പട്ടികപ്പെടുത്തൽ<br>• തരംതിരിക്കൽ<br>• ശേഖരിക്കൽ | ജൂൺ - ഓഗസ്റ്റ് | | |
| | • പരീക്ഷണങ്ങൾ<br>• നിരീക്ഷണങ്ങൾ<br>• ലാബ് സജ്ജമാക്കൽ<br>• ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ.<br>• ക്വിസ്<br>• സയൻസുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടൽ<br>• പ്ലാനിറ്റോറിയം സന്ദർശിക്കൽ. | സെപ്. - ഒക്ടോബർ | | |

# മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾക്ക് ഗണിതത്തോട് ആഭിമുഖ്യം വളർത്തുന്നതിനും പ്രശ്ന നിർധാരണം ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനും | • പ്രീ ടെസ്റ്റ്<br>• വിലയിരുത്തൽ<br>• ഗണിതമൂല<br>• ഗണിതലാബ്<br>• വിലവിവരപ്പട്ടിക ഉപയോഗിച്ച് പ്രശ്ന നിർദ്ധാരണം<br>• ഗണിതകളികൾ<br>• മനക്കണക്കുകൾ<br>• ഗുണന വസ്തുത ഉറപ്പിക്കൽ<br>• ഗണിത കൗതുകം | ജൂൺ - സെപ്തംബർ വരെ<br><br>നവംബർ ഡിസംബർ | | |

# മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നു മുതൽ നാലുവരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് വായിക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി ഉറപ്പിക്കൽ | • പ്രീ-ടെസ്റ്റ് | ജൂൺ - to ഓഗസ്റ്റ് | | |
| | • ഇംഗ്ലീഷ് അസംബ്ലി | | | |
| | • ഹലോ ഇംഗ്ലീഷ് പ്രോഗ്രാം | | | |
| | • ക്ലാസ് ലൈബ്രറി | | | |
| | • കൊറിയോഗ്രഫി | | | |
| | • സ്കിറ്റ് | | | |
| | • സംഭാഷണം | സെപ്തംബർ - to നവംബർ | | |
| | • Reading card | | | |
| | • തിയറ്റർ reading | | | |
| | • Roleplay | | | |
| | • Arranging words | | | |
| | • Sentence | ഡിസംബർ to ജനുവരി | | |
| | • Concept map | | | |
| | • One act play | | | |

# മോണിറ്ററിംഗ്

സ്കൂളിലെ അക്കാദമിക നിലവാരം വിലയി-
രുത്തുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപ-
ജില്ലാ വിദ്യാഭ്യാസ ഓഫീസർ SSK, പ്രഥമ
അധ്യാപിക കൂടാതെ അധ്യാപക പ്രതിനി-
ധികൾ രക്ഷകർത്താക്കൾ എന്നിവർക്ക് CPTA
യിൽ വിലയിരുത്തൽ നടത്താൻ അവസരമുണ്ട്.

# ഉപസംഹാരം

അറിവിന്റെ ലോകത്തേക്ക് നന്മയുടെ ലോകത്തേക്ക് മൂല്യബോധമുള്ള കുട്ടികളെ വാർത്തെടുക്കുവാൻ അക്ഷരപൂമഴയിലേക്ക് പൂമ്പാറ്റകളെപ്പോലെ പാറി നടക്കാൻ എം. ടി. എസ്. എസ്. എൽ. പി. സ്കൂളിലെ ഈ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ ആശംസകൾ നേർന്നുകൊണ്ട് ഉപസംഹരിക്കുന്നു.